# Dakshina Kerala Jam-iyyathul Ulama

H.O. Kollam


ജുമുഅ പ്രഭാഷണം " **ഗുണകാംക്ഷയുടെ തലങ്ങൾ** " **(17/02/17)**


**അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648**


**الْأَعْرابُ أَشَدُّ كُفْرًا وَنِفاقًا وَأَجْدَرُ أَلاَّ يَعْلَمُوا حُدُودَ ما أَنْزَلَ اللَّهُ عَلى رَسُولِهِ وَاللَّهُ عَلِيمٌ حَكِيمٌ (٩٧) ﴿التوبة﴾**

ഗുണകാംക്ഷയെകുറിച്ചാണ് നാം പറഞ്ഞുവരുന്നത്.

➤ ദീൻ അനുസരിച്ച് ജീവിക്കേണ്ടവരാണ് നാം എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ദീൻ നിത്യജീവിതത്തിൽ ഇല്ലാത്തവരും ഈ അഭിപ്രായക്കാരാണ്. വിവാഹ ആലോചന തുടങ്ങുമ്പോൾ ദീനുള്ള കുട്ടിയാകണം എന്ന് എല്ലാവരും ചിന്തിക്കുന്നു. എങ്കിൽ ദീൻ എന്താണ്? ചില ആരാധനകൾ ഉള്ളവരെയാണ് ദീനുള്ളവരായി പൊതുവെ ധരിക്കുന്നത്. ഉദാ: നിസ്ക്കാരം/നോമ്പ്/ഉംറ...

ദീൻ എന്താണ് എന്ന് വിശദീകരിക്കാൻ അധികാരം നബി(സ്വ) തങ്ങൾക്കാണ്. തങ്ങൾ വിശദീകരിച്ചാൽ അത് സ്വീകരിക്കലാണ് നമ്മുടെ ബാധ്യത..

**وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ (٧)﴿الحشر﴾**

➤ ‘‘ദീൻ ഗുണകാംക്ഷ തന്നെയാകുന്നു.’’ എന്നാണ് നബി(സ്വ) വിശദീകരിച്ചത്.

**عَنْ تَمِيمٍ الدَّارِيِّ رضي الله عنه : " أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : ( الدِّينُ النَّصِيحَةُ ) قُلْنَا لِمَنْ ؟ ، قال : ( لله وَلِكِتَابِهِ وَلِرَسُولِهِ وَلِأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ (مسلم)**

ഗ്രാമർ പ്രകാരം ഇതിൽ **حصر** ഉണ്ട്. അഥവാ ദീൻ ഗുണകാംക്ഷ തന്നെയാകുന്നു. ഇത് മൂന്ന് പ്രാവശ്യം നബി(സ്വ) ആവർത്തിച്ചത് അതിന്റെ പ്രാധാന്യത്തെക്കുറിക്കുന്നുണ്ട്. ഇമാം നവവി (റ) വിവരിക്കുന്നു.

**وَأَمَّا مَا قَالَهُ جَمَاعَاتٌ مِنَ الْعُلَمَاءِ أَنَّهُ أَحَدُ أَرْبَاعِ الْإِسْلَامِ أَيْ أَحَدُ الْأَحَادِيثِ الْأَرْبَعَةِ الَّتِي تَجْمَعُ أُمُورَ الْإِسْلَامِ فَلَيْسَ كَمَا قَالُوهُ ، بَلِ الْمَدَارُ عَلَى هَذَا وَحْدَهُ (شرح مسلم)**

(ഇസ്ലാമിന്റെ തത്വങ്ങൾ വിവരിക്കുന്ന 4 ഹദീസുകളിൽ ഒന്നാണിതെന്ന് ചില ഉലമാഅ് പറഞ്ഞു. പക്ഷേ ഇസ്ലാം ഇതിന്റെ മേൽ മാത്രം എടുക്കപ്പെട്ടതാണ് എന്നാണ് ശരി. ചുരുക്കം ഇസ്ലാമെന്നാൽ ഗുണകാംക്ഷ തന്നെയാണ്.

➤ ആരോടൊക്കെയാണ് ഗുണകാംക്ഷ വേണ്ടതെന്ന് തുടർന്ന് നബി(സ്വ) വിവരിക്കുന്നു.

**قُلْنَا لِمَنْ ؟ ، قال : ( لله وَلِكِتَابِهِ وَلِرَسُولِهِ وَلِأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ**

1. അല്ലാഹുവിനോടാണ്. നമുക്ക് കാണാനും കേൾക്കാനും ഉപകാര ഉപദ്രവങ്ങൾ വരുത്താനും കഴിയാത്ത റബ്ബിനോട് നാം ഗുണകാംക്ഷയുള്ളവരാകണം എന്ന് പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യമെന്താണ്. ഉലമാക്കൾ വിവരിക്കുന്നു.

**أَمَّا النَّصِيحَةُ لِلَّهِ تَعَالَى فَمَعْنَاهَا مُنْصَرِفٌ إِلَى الْإِيمَانِ بِهِ ، وَنَفْيِ الشَّرِيكِ عَنْهُ ، وَتَرْكِ الْإِلْحَادِ فِي صِفَاتِهِ وَوَصْفِهِ بِصِفَاتِ الْكَمَالِ وَالْجَلَالِ كُلِّهَا ، وَتَنْزِيهِهِ سُبْحَانَهُ وَتَعَالَى مِنْ جَمِيعِ النَّقَائِصِ،وَالْقِيَامِ بِطَاعَتِهِ ، وَاجْتِنَابِ مَعْصِيَتِهِ، وَالِاعْتِرَافِ بِنِعْمَتِهِ ، وَشُكْرِهِ عَلَيْهَا (شرح مسلم)** ഇവ വിശദീകരിക്കുക.

2. ഖുർആനിനോടാണ്. അതിന്റെ ഉദ്ദേശ്യം

وَأَمَّاالنَّصِيحَةُ لِكِتَابِهِ سُبْحَانَهُ وَتَعَالَى فَالْإِيمَانُ بِأَنَّهُ كَلَامُ اللَّهِ تَعَالَى وَتَنْزِيلُهُ ، لَا يُشْبِهُهُ شَيْءٌ مِنْ كَلَامِ الْخَلْقِ ، وَلَا يَقْدِرُ عَلَى مِثْلِهِ أَحَدٌ مِنَ الْخَلْقِ ، ثُمَّ تَعْظِيمُهُ وَتِلَاوَتُهُ حَقَّ تِلَاوَتِهِ ، وَتَحْسِينُهَا وَالْخُشُوعُ عِنْدَهَا ، وَإِقَامَةُ حُرُوفِهِ فِي التِّلَاوَةِ ، وَالذَّبُّ عَنْهُ لِتَأْوِيلِ الْمُحَرِّفِينَ وَتَعَرُّضِ الطَّاعِنِينَ(شرح مسلم)

(=വിമർശനങ്ങൾക്ക് മറുപടി പറയൽ/ദുർവ്യാഖ്യാനങ്ങളെ തടയൽ) ഇന്ന് എല്ലാ ഭാഗത്ത് നിന്നും ഖുർആനിനെതിരെയുള്ള വിമർശനങ്ങൾ ഉയർന്നു വരുന്ന ഈ പശ്ചാതലത്തിൽ വളരെ ശ്രദ്ധിക്കേണ്ട കാര്യമാണിത്.

3. നബി (സ്വ) യോടുള്ള ഗുണകാംക്ഷ

وَأَمَّا النَّصِيحَةُ لِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَتَصْدِيقُهُ عَلَى الرِّسَالَةِ ، وَالْإِيمَانُ بِجَمِيعِ مَا جَاءَ بِهِ ، وَطَاعَتُهُ فِي أَمْرِهِ وَنَهْيِهِ ، وَنُصْرَتُهُ حَيًّا وَمَيِّتًا ، وَمُعَادَاةُ مَنْ عَادَاهُ ، وَمُوَالَاةُ مَنْ وَالَاهُ ، وَإِعْظَامُ حَقِّهِ ، وَتَوْقِيرُهُ ، وَإِحْيَاءُ طَرِيقَتِهِ وَسُنَّتِهِ وَبَثُّ دَعْوَتِهِ ، وَنَشْرُ شَرِيعَتِهِ ، وَنَفْيُ التُّهْمَةِ عَنْهَا (شرح مسلم)

(അവിടുത്തെ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ/ശരീഅത്തിനെതിരെയുള്ള വിമർശന, തെറ്റിദ്ധാരണകൾ വിപാടനം ചെയ്യൽ) ഇന്ന് ശരീഅത്തിനെതിരെ ഉയരുന്ന എല്ലാ തടസ്സങ്ങളെയും നീക്കം ചെയ്യൽ നമ്മുടെ ദീൻ ശരിയാകാൻ അനിവാര്യമാണ്. മുൻഗാമികൾ ഈ ദൗത്യം നിർവ്വഹിച്ചതുകൊണ്ടാണ് ഈ ദീൻ നമ്മിൽ എത്തിച്ചേർന്നത്. ആ ദൗത്യം നാം പൂർത്തിയാക്കണം.

4. മുസ്‌ലിം നേതൃത്വത്തോടുള്ള ഗുണകാംക്ഷ. ഈ ഗണത്തിൽ ഭരണ നേതൃത്വം മാത്രമല്ല, മത നേതൃത്വവും വരും. അഥവാ മദ്ഹബിന്റെ ഇമാമീങ്ങൾ.

وَمِنْ جُمْلَةِ أَئِمَّةِ الْمُسْلِمِينَ أَئِمَّةُ الِاجْتِهَادِ (فتح الباري)

അവരോട് ഗുണപരമായി സമീപിക്കേണ്ടതുണ്ട്.

وَأَنَّ مِنْ نَصِيحَتِهِمْ قَبُولُ مَا رَوَوْهُ ، وَتَقْلِيدُهُمْ فِي الْأَحْكَامِ ، وَإِحْسَانُ الظَّنِّ بِهِمْ (شرح مسلم)

(അവർ പറഞ്ഞത് സ്വീകരിക്കൽ/അവരെ തഖ്ലീദ് ചെയ്യൽ/അവരെ കുറിച്ച് നല്ലത് വിചാരിക്കൽ) ഇന്ന് അവരെയൊക്കെ ആക്ഷേപിക്കുന്ന പ്രവണത വളർന്നു വരുന്നു. അത് തെറ്റാണ്. ഖിയാമത്തിന്റെ അടയാളമാണ്.

عَنْ أَبِي أُمَامَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " لا تَقُومُ السَّاعَةُ حَتَّى يَلْعَنَ آخِرُ هَذِهِ الأُمَّةِ أَوَّلَهَا ، أَلا عَلَيْهِمْ حَلَّتِ اللَّعْنَةُ (أمالي ابن بشران)

ചരിത്രം: ഇമാം ശാഫിഈ (റ) ഒരിക്കൽ നബി(സ്വ)യെ സ്വപ്നം കണ്ടു. അവിടുന്ന് പറഞ്ഞു: അഹ്മദ് ബ്നുഹമ്പൽ വലിയ പരീക്ഷണത്തെ നേരിടും. ക്ഷമിക്കാൻ പറയണം. അദ്ദേഹത്തിന് വലിയ സ്ഥാനം ലഭിക്കും. ഈ സംഭവത്തിന് ശേഷം ഇമാം ശാഫിഈ(റ) അഹ്മദ്(റ) ന്റെ ഖമീസ് നനച്ച് വെള്ളം കുടിക്കുകയുണ്ടായി. അത്രമേൽ സ്ഥാന മുള്ളവരാണവരൊക്കെ.(അൽബിദായത്തുവന്നിഹായ)

5. മുസ്‌ലിം പൊതുജനങ്ങളോട്

الشَّفَقَةُ عَلَيْهِمْ ، وَالسَّعْيُ فِيمَا يَعُودُ نَفْعُهُ عَلَيْهِمْ ، وَتَعْلِيمُهُمْ مَا يَنْفَعُهُمْ ، وَكَفُّ وُجُوهِ الْأَذَى عَنْهُمْ ، وَأَنْ يُحِبَّ لَهُمْ مَا يُحِبُّ لِنَفْسِهِ ، وَيَكْرَهُ لَهُمْ مَا يَكْرَهُ لِنَفْسِهِ. (فتح الباري)

(കരുണ/ഗുണം ചെയ്യൽ/ഉപദ്രവത്തെ തടയൽ)
ഇവയെല്ലാം പൂർത്തിയാക്കുമ്പോഴാണ് നാം ദീനുള്ളവരാവുക.